പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:19 10/12/2012 - ൽ മറുപടിക്ക്

## മത്സ്യസമ്പത്ത്

**ചോദ്യം**

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി:
,, എൻ. എ. നെല്ലിക്കുന്ന്:
,, സി. മമ്മൂട്ടി:
,, കെ.എൻ.എ. ഖാദർ:

**മറുപടി**

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി):

(എ) സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിൽ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു;

(എ) സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിൽ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യ മത്സ്യകൃഷി പദ്ധതിപ്രകാരം മത്സ്യ/ചെമ്മീൻ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു വരുന്നു. ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് 2012 മുതൽ 2015 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി. സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം ഓരോ വർഷവും 21 ലക്ഷം രൂപ ചെലവഴിച്ച് മത്സ്യക്കുഞ്ഞുങ്ങളെ അനുയോജ്യമായ ജലാശയങ്ങളിൽ

നിക്ഷേപിക്കുന്നുണ്ട്. ഈ വർഷവും 21 ലക്ഷം രൂപ ചെലവഴിച്ച് ഒരു കോടിയോളം മത്സ്യക്കുഞ്ഞുങ്ങളെ ഒക്ടോബർ മാസത്തോടെ ജലാശയങ്ങളിൽ നിക്ഷേപിച്ചു കഴിഞ്ഞു. വെള്ളായണി കായലിലെ മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി അഡാക്ക് മുഖേന 'വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി' നടപ്പിലാക്കി വരുന്നു. മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഫിർമയും അഡാക്കും നടപ്പിലാക്കുന്നു. അനധികൃത മത്സ്യ ബന്ധനം കർശനമായി തടയുന്നതിന് ബാക്ക് വാട്ടർ പട്രോളിംഗ് നടത്തുകയും അനധികൃതമായി പ്രവർത്തിക്കുന്ന ഊന്നി/ചീന വലകൾ നീക്കം ചെയ്യുകയും ചെയ്തു വരുന്നു. തോട്ട, നഞ്ച് തുടങ്ങിയവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

---

| | |
|---|---|
| (ബി) അശാസ്ത്രീയ മത്സ്യബന്ധനം ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു എന്നും, പല നാടൻ മത്സ്യ ഇനങ്ങളും അന്യം നിന്നുപോകുന്നു എന്നുമുള്ള വസ്തുത ശ്രദ്ധയിൽവന്നിട്ടുണ്ടോ; | (ബി) ഉണ്ട്. |

(സി) ഇതിന് പരിഹാരം കാണാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാറുള്ളത്;

(സി) മത്സ്യ കർഷകർക്ക് പരമ്പരാഗതമായ മത്സ്യബന്ധനം നടത്തുന്നതിന് പരിശീലനപരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സെമിനാറുകളും ട്രെയിനിംഗ് ക്യാമ്പുകളും നടത്തി വരുന്നുണ്ട്. ഇതിനു പുറമെ മത്സ്യത്തൊഴിലാളികൾക്ക് കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിക്കരുതെന്ന് നിർദ്ദേശവും നൽകാറുണ്ട്. കൂടാതെ ഫിർമ, അഡാക്ക് എന്നീ ഏജൻസികൾ മുഖേന മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

(ഡി) ജലമലിനീകരണത്തോത് പരിശോധിക്കാനും, ജലജീവികളുടെ നിലനില്പിന് ആവശ്യമായ സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ?

(ഡി) പെരിയാറിലെ ജലമലിനീകരണത്തോത് പരിശോധിക്കാനും, ജലജീവികളുടെ നിലനില്പിന് ആവശ്യമായ സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതുൾപ്പെടെയുള്ള ലക്ഷ്യങ്ങളോടുകൂടി "Assessement of status of riverine fisheries and linking with water quality restroration programme" എന്ന പഠന പദ്ധതി ഫിർമ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ